# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറ്റൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/PTA/P4-1432/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 14/02/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറ്റൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/PTA/P4-1432/22 തീയ്യതി: 14/02/2023

## പത്തനംതിട്ട ജില്ലയിലെ കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2021 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 08-08-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സ്നിഗ്ധ. എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 14-12-2022 | 24-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-12-2022 | 24-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. എൻ. പ്രദീപ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി സ്മിത റ്റി. , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ആശാ എം. കുരുവിള, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സഞ്ചു കെ. ജി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി രേഖാ ബി. | സെക്രട്ടറി | 01-04-2021 | 30-06-2021 |
| ശ്രീ. എം.ജറാൾഡ് | സെക്രട്ടറി | 01-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജോഗ്ലിൻ ക്രിസ്റ്റി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 02-03-2022 |
| ശ്രീമതി ശ്രീലേഖാ പി. | അസിസ്റ്റന്റ് സെക്രട്ടറി | 03-03-2022 | 31-03-2022 |
| ഡോ. ജ്യോതീന്ദ്രൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ. ദീപാ ആർ. എസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ. ആനന്ദ് വി. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി പുഷ്പകുമാരി എൻ. കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ. സുരേഷ് ബി. | അഗ്രിക്കൾച്ചർ ഓഫീസർ | 01-04-2021 | 30-09-2021 |
| ശ്രീ. സുരേന്ദ്രൻ വൈ.എസ്. | അഗ്രിക്കൾച്ചർ ഓഫീസർ | 30-09-2021 | 06-10-2021 |
| ശ്രീമതി താരാ മോഹൻ | അഗ്രിക്കൾച്ചർ ഓഫീസർ | 07-10-2021 | 31-03-2022 |
| ഡോ. പ്രീതി മേരി ഉമ്മൻ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ. ജുൾഫിൻ എ യോഗി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-I | 01-04-2021 | 31-03-2022 |
| ശ്രീമതി ദീപ്തി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-II | 01-04-2021 | 30-10-2021 |
| ശ്രീമതി പുഷ്പകുമാരി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-II | 01-11-2021 | 30-04-2022 |

| | | | |
|---|---|---|---|
| ശ്രീമതി ബിന്ദുദേവി ജി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 09-05-2021 |
| ശ്രീ. രാകേഷ് ഗോകുൽ എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 10-05-2021 | 31-03-2022 |
| ശ്രീ. ഷാനവാസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 10-09-2021 |
| ശ്രീ. ശ്രീകുമാർ ജെ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 11-09-2021 | 31-03-2022 |
| ശ്രീ. വിപിൻ കൃഷ്ണ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 08-10-2021 |
| ശ്രീ. റാഫി എം. | അസിസ്റ്റന്റ് എഞ്ചിനിയർ | 09-10-2021 | 23-12-2021 |
| ശ്രീ. വിജയകൃഷ്ണൻ ജി. | അസിസ്റ്റന്റ് എഞ്ചിനിയർ | 23-12-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1 - 1 |
| 2 | വാർഷിക ധനകാര്യപത്രിക | 1 - 2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1 - 3 |
| 4 | ഗ്രാന്റ് വിനിയോഗം (ഗ്രാന്റ്സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത്) | 1 - 4 |
| 5 | പദ്ധതി അവലോകനം | 1 - 5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1 - 6 |
| 7 | ക്ഷേമ പദ്ധതികൾ | 1 - 7 |
| 8 | ക്യാഷ് പരിശോധന | 1 - 8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1 - 10 |
| 11 | വാടകയ്ക്ക് നൽകുന്ന കടമുറികളുടെ പുനർ ലേലം നടത്തുന്നില്ല | 1 - 11 |
| 12 | മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്യുന്നില്ല- പഞ്ചായത്തിന് വരുമാന നഷ്ടം | 1 - 12 |
| 13 | അനധികൃതമായി കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടഭാഗങ്ങൾ ക്രമവത്ക്കരിച്ച് നികുതി പുനർ നിർണ്ണയം നടത്തിയിട്ടില്ല | 1 - 13 |
| 14 | വസ്തു നികുതിയിന്മേൽ സേവന ഉപനികുതി ഈടാക്കുന്നില്ല | 1 - 14 |
| 15 | തൊഴിൽനികുതി പിരിവ് കാര്യക്ഷമമല്ല | 1 - 15 |
| 16 | ഓൺലൈൻ വസ്തുനികുതി - പഞ്ചായത്തിന് തുക ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നു | 1 - 16 |
| 17 | ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല | 1 - 17 |
| 18 | സംയുക്തപരിശോധന നടത്തിയെങ്കിലും വെള്ളക്കരം കുറവ് ചെയ്തില്ല | 1-18 |
| 19 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലക്ഷങ്ങൾ കൈമാറി - പൂർത്തീകരണം ഉറപ്പാക്കിയില്ല | 1 - 19 |
| 20 | ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത റോഡുകളുടെ നിർമ്മാണം ഏറ്റെടുക്കുന്നു - ക്രമ വിരുദ്ധം | 1-20 |
| 21 | കൊവിഡ് മഹാമാരി - ജനപ്രതിനിധികളുടെ ഓണറേറിയം കുറവ് ചെയ്യണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-21 |
| 22 | അഗതിരഹിതകേരളം - പദ്ധതി അവഗണനയിൽ | 1-22 |
| 23 | മുൻവർഷത്തെ തൊഴിലുറപ്പ് പദ്ധതിയിൽ ക്രമക്കേട് - നഷ്ടത്തുക തിരികെ ഈടാക്കിയില്ല | 1-23 |
| 24 | സാമൂഹ്യ സുരക്ഷാപെൻഷൻ - അനുവദിക്കുന്നതിലും മരണപ്പെട്ടശേഷം | 1-24 |

| | | |
|---|---|---|
| | റദ്ദാക്കുന്നതിലും കാലതാമസം | |
| 25 | തുക ഒടുക്കിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭിച്ചില്ല | 1-25 |
| 26 | പാലിന് സബ്സിഡി- ഗ്രാമ/ ബ്ലോക്ക് പഞ്ചായത്തുകൾക്ക് വെവ്വേറെ പദ്ധതി | 1-26 |
| 27 | അംഗൻവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം | 1 - 27 |
| 28 | ലൈഫ് ഭവനപദ്ധതി വായ്പ തിരിച്ചടവ് - അധികം തുക ഈടാക്കി | 1 - 28 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4 - 4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡിക വിശദാംശങ്ങൾ | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1 - 1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 19.02.2021 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 25.03.2022 തീയതിയിലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റ് പ്രൊവിഷനേക്കാൾ കൂടുതൽ/കുറവ് |
|---|---|---|---|
| മുന്നിരിപ്പ് | 1318914 | 9614449 | (+)8295535 |
| വരവ് | 120030698 | 55147754 | (-)64882944 |
| ആകെ | 121349612 | 64762203 | (-)56587409 |
| ചെലവ് | 119195735 | 53559349 | (-)65636386 |
| നീക്കിയിരിപ്പ് | 2153877 | 11202854 | (+)9048977 |

## 1 - 2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക 30.07.2022-ൽ എയിംസിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചത് പ്രകാരം കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ ബി3 : Reserves:- മുൻ വർഷത്തെ തുകതന്നെയാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ലഭിച്ച ഗ്രാന്റുകളിൽ ആസ്തികൾ സൃഷ്ടിക്കുന്നതിനും മറ്റ് മൂലധന നിക്ഷേപങ്ങൾക്കുമായി ചെലവഴിച്ച തുകയെല്ലാം റവന്യൂ ഹെഡിൽ ആണ് ഉൾപ്പെടുത്തിയത്. ഇവ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റി അക്കൗണ്ട് ചെയ്തിട്ടില്ല.

2. ഷെഡ്യൂൾ ബി-4: Grants Funds And Contributions For Specific Purposes - Other Government Agencies ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ (₹ 1,77,868) കൃത്യത പരിശോധിച്ച് ബോധ്യപ്പെടാനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

3. ഷെഡ്യൂൾ ബി-4: Contribution For JointVenture Projects(For Revenue Expenditure)-From Block Panchayats-ൽ രേഖപ്പെടുത്തിയിരിക്കുന്ന തുക (₹3,73,478) ഷെഡ്യൂൾ B-17-ലെ ബാങ്ക് നീക്കിയിരിപ്പ് ആയി സൂചിപ്പിച്ച (₹ 2,48,478) തുകയുമായി പൊരുത്തപ്പെടുന്നില്ല.

4. ഷെഡ്യൂൾ ബി-9: Liability In Respect Of Stale Cheques - 1,12,062 രൂപ ബാദ്ധ്യതയായി കാണിച്ചിട്ടുണ്ട്. ഈ തുകയിൽ 3940 രൂപയുടെ (തൻ വർഷത്തിലെ Stale Cheque) കൃത്യത മാത്രമേ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളൂ. ബാക്കി തുക 1,08,122 രൂപയുടെ കൃത്യത ബോധ്യപ്പെടുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

5. ഷെഡ്യൂൾ ഐ-18: Prior Period Expenditure -ൽ Prior Period Expenses-Administrative Expenses ഇനത്തിലുള്ള 1,21,066 രൂപയിൽ 85789 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത മാത്രമേ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളൂ.

6. ഷെഡ്യൂൾ ബി-17- ടി ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ PostOffice OwnFund A/c നിലവിൽ പ്രവർത്തന രഹിതമാണ്. ഈ അക്കൗണ്ട് അവസാനിപ്പിച്ച് ഇതിലെ തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

7. ഷെഡ്യൂൾ ബി-18 Loans, Advances And Deposits വിവിധ നിർവ്വഹണ ഏജൻസികൾക്ക് നൽകിയിട്ടുള്ള മുൻകൂറുകളുടെ വിനിയോഗ വിവരം രേഖപ്പെടുത്തി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല. (വാട്ടർ അതോറിറ്റി മുഖേനയുള്ള ഡെപ്പോസിറ്റ് പ്രവൃത്തികളിൽ 603240 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. എന്നാൽ ടി തുക ഷെഡ്യൂൾ ബി-18 ൽ ക്രമീകരിച്ചിട്ടില്ല.

കെ.എസ്.ഇ.ബി മുഖേനയുള്ള ഡെപ്പോസിറ്റ് പ്രവൃത്തികളിൽ 508839 രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചെങ്കിലും ആയതും ഷെഡ്യൂൾ ബി-18 ൽ ക്രമീകരിച്ചിട്ടില്ല.

8. ഷെഡ്യൂൾ B-15- വസ്തുനികുതി- ഡിമാന്റ് (ഷെഡ്യൂൾ I-1), കളക്ഷൻ (ഷെഡ്യൂൾ RP-43), നീക്കിബാക്കി (ഷെഡ്യൂൾ B-15) എന്നിവ സഞ്ചയ സോഫ്റ്റ് വെയറിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

അപാകങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1 - 3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 96,14,449 |

| | |
|---|---|
| വരവ് | 5,51,47,754 |
| ആകെ | 6,47,62,203 |
| ചെലവ് | 5,35,59,349 |
| നീക്കിയിരിപ്പ് | 1,12,02,854 |

## 1 - 4 ഗ്രാന്റ് വിനിയോഗം (ഗ്രാന്റ്സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത്)

| ഗ്രാന്റ് | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട് മെന്റ് തുക | ഗ്രാന്റ്സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവുകൾ | | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|
| | | വരവ് | ചെലവ് | |
| | A | B | C | A-C |
| വികസനഫണ്ട് (ജനറൽ) | 11054000 | 9987333 | 11049623 | 4377 |
| വികസനഫണ്ട് (എസ്.സി.പി) | 6578800 | 6417467 | 4894485 | 1684315 |
| വികസനഫണ്ട് (ടി.എസ്.പി) | 10700 | 10700 | 0 | 10700 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-tied) | 4474940 | 4474940 | 797320 | 3677620 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 3232543 | 3232543 | 1708950 | 1523593 |
| സംരക്ഷണ ഫണ്ട്-റോഡ് | 10212485 | 12512485 | 5985176 | 4227309 |
| സംരക്ഷണ ഫണ്ട് -റോഡിതരം | 5147779 | 5147779 | 2985542 | 2162237 |

പ്രത്യേക ഗ്രാന്റുകൾ ഇനം തിരിച്ച്

(1) സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വ യജ്ഞം | ൦ | 140000 | 140000 | 0 | 140000 |
| പകർച്ച വ്യാധി നിയന്ത്രണം | ൦ | 32660 | 32660 | 0 | 32660 |
| **(2) കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)** | | | | | |
| MGNREGS | 4752 | 16397397 | 16402149 | 16221513 | 180636 |
| ശുചിത്വ മിഷൻ (PBIG+SBM Phase 2) | 790640 | 110494 | 901134 | 220000 | 681134 |

ICDS കേന്ദ്രവിഹിതം ഇനത്തിലുള്ള വരവ്, ചെലവ് കണക്കുകൾ ഗ്രാമപഞ്ചായത്തിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ ടി കണക്കുകൾ ഉൾപ്പെടുത്തിയില്ല.

### 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവുചെലവ് കണക്കിലെ അപാകതകൾ

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ എടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റിനം | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട് മെന്റ് തുക | ഗ്രാന്റ്സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവുകൾ | | ഗ്രാന്റ്സ്റ്റേറ്റ്മെന്റിലെ ന്യൂനത |
|---|---|---|---|---|
| | | വരവ് | ചെലവ് | |

| | | | | |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 11054000 | 9987333 | 11049623 | ₹ 1066667<br>(അങ്കണവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ ട്രാൻസഫർ ക്രെഡിറ്റ് ചെയ്യുവാനുള്ള തുക(₹ 876000) , ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ്(₹ 190667) എന്നിവയ്ക്കായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് വരവിൽ എടുത്തിട്ടില്ല) |
| വികസനഫണ്ട് (എസ്.സി.പി) | 6578800 | 6417467 | 4894485 | ₹ 161333<br>(ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവിനായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് വരവിൽ എടുത്തിട്ടില്ല)) |
| സംരക്ഷണ ഫണ്ട്-റോഡ് | 10212485 | 12512485 | 5985176 | ₹ 2300000<br>(26.02.2022-ൽ GO(Rt.) 1345/22 പ്രകാരം 3-ാം അലോട്ട്മെന്റ് പ്രകാരം തുക അനുവദിച്ചപ്പോൾ 2300000രൂപ സംരക്ഷണഗ്രാന്റ് (റോഡ്)- ഇനത്തിൽ സർക്കാരിലേക്ക് തിരികെ മുതൽ കൂട്ടിയിരുന്നു. എന്നാൽ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റിൽ ഈ തുക ആകെ വരവിൽ നിന്നും കുറവ് ചെയ്തിട്ടില്ല.) |

## 1 - 5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 140 | 54379647 | 116 | 33667448 | 40 | 83% |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 3150880 | 2624284 |
| വെറ്ററിനറി സർജൻ | 4 | 4 | 1125280 | 925280 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 6 | 6 | 1844825 | 1688633 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 150000 | 150000 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 2 | 2 | 550000 | 550000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-I | 5 | 4 | 5073647 | 3818000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-II | 9 | 9 | 5738670 | 1927020 |

| | | | | |
|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്രവൈസർ | 6 | 5 | 3987000 | 3304965 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 950000 | 540289 |
| സെക്രട്ടറി | 31 | 31 | 9194796 | 8492085 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 615000 | 62834 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 58 | 40 | 20567574 | 8928783 |
| അസി. സെക്രട്ടറി | 7 | 3 | 1431975 | 655275 |
| ആകെ | 140 | 116 | 54379647 | 33667448 |

## 1 - 6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4752 | 290930 | 295682 | 115046 | 180636 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 16106467 | 16106467 | 16106467 | 0 |
| ആകെ | 4752 | 16397397 | 16402149 | 16221513 | 180636 |

## 1 - 7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2579800 | 160 |
| വിധവാപെൻഷൻ | 9213900 | 625 |
| വാർദ്ധക്യകാലപെൻഷൻ | 26464200 | 1916 |
| ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 3348000 | 213 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 238000 | 16 |
| തൊഴിൽ രഹിത വേതനം | 11760 | 7 |

## 1 - 8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.12.2022-ാം തീയതി ഉച്ചയ്ക്ക് ശേഷം 3.30-ന് ഫണ്ട് ഓഫിസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22,135 രൂപയുടെ (ഇരുപത്തി രണ്ടായിരത്തി ഒരുന്നൂറ്റി മുപ്പത്തഞ്ച് രൂപ) ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കപ്പെട്ടില്ല. ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ പുനർലേലം നടത്താത്തതിനാൽ ഗണ്യമായ വരുമാന നഷ്ടം ഉണ്ടാകുന്നു. മാട്ടിറച്ചി വ്യാപാരം ലേലം ചെയ്ത് നൽകാത്തതിനാൽ ഈയിനത്തിലും വരുമാന നഷ്ടം ഉണ്ടാകുന്നു. ഫീൽഡ് തലത്തിൽ രസീത് മുഖേന പണം പിരിവ് നടത്തിയതിന് ശേഷം ഫണ്ട് ഓഫീസിൽ പണം ഒടുക്കുന്നതിന്മേൽ കൃത്യത ഉറപ്പാക്കുന്നതിന് മേൽനോട്ടം ആവശ്യമാണ്. സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിഗണിച്ചിട്ടില്ല.

പ്രവർത്തിക്കുന്ന പൊതുടാപ്പുകളുടെ എണ്ണം കണ്ടെത്തുന്നതിന് സംയുക്ത പരിശോധന പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ലഭിച്ച് രണ്ട് വർഷം കഴിഞ്ഞിട്ടും ഇതനുസരിച്ച് വെള്ളക്കരം പുനർനിർണ്ണയിച്ച് കുറവ് ചെയ്യാത്തതിനാൽ ഈയിനത്തിലുള്ള ഭീമമായ പാഴ്ചെലവ് തടയാനായില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷി ക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികളിലെ സുതാര്യത ഉറപ്പ്

വരുത്താൻ കഴിഞ്ഞില്ല. ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത പല റോഡുകളിലും പ്രവൃത്തി ചെയ്തിട്ടുണ്ട്.
ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പദ്ധതി ഫയലുകൾ, വൗച്ചറുകൾ, മറ്റ് രജിസ്റ്ററുകൾ എന്നിവ തൃപ്തികരമായി സൂക്ഷിക്കുന്നുണ്ട്. വസ്തുനികുതിയുടെ കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനം പൊതുവെ തൃപ്തികരമാണ്. തനത് വരുമാനം മെച്ചപ്പെടുത്തുക, ഏറ്റെടുത്ത പദ്ധതികളുടെ തുടർമോണിട്ടറിംഗ് നടത്തുക എന്നിവയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1 - 10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.01.2014 മുതൽ 07.02.2014 വരെ | 2008-09 മുതൽ 2012-13 വരെ | 20.03.2014 |
| പെർഫോമൻസ് ഓഡിറ്റ് | 12.07.2022 മുതൽ 13.07.2022 | 01/2022 മുതൽ 03/2022 വരെ | 26.11.2022 |

## 1 - 11 വാടകയ്ക്ക് നൽകുന്ന കടമുറികളുടെ പുനർ ലേലം നടത്തുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, രേഖകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടു.

കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് നിലവിൽ ബൈലോ ഇല്ല

ഗ്രാമപഞ്ചായത്ത് വക കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് നിലവിൽ ബൈലോ ഇല്ല. ഇതിനായി വ്യവസ്ഥകൾ ഉൾപ്പെടുത്തി പഞ്ചായത്തിൽ ഒരു ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതും ഈ വ്യവസ്ഥകൾ അനുസരിച്ച് മാത്രം പഞ്ചായത്തുവക കടമുറികൾവാടകയ്ക്ക് നൽകേണ്ടതുമായിരുന്നു. എന്നാൽ നാളിതുവരെ ഗ്രാമപഞ്ചായത്ത് ഇത്തരം ഒരു ബൈലോ തയ്യാറാക്കുകയോ പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരത്തിനു സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

കടമുറികളുടെ പുനർലേലം നടത്തുന്നില്ല.

പഞ്ചായത്തിന്റെ വകയായുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ ആകെ 19 കടമുറികളാണുള്ളത് ഇതിൽ ഒരെണ്ണം ഫ്രണ്ട് ഓഫീസായും ഒരെണ്ണം ജനകീയ ഹോട്ടലിനായും ഉപയോഗിക്കുന്നു. ബാക്കിയുള്ളതിൽ രണ്ട് കടമുറികൾ സാമ്പത്തിക വർഷം ആർക്കും വാടകയ്ക്ക് നൽകിയിട്ടില്ല. ഭൂരിഭാഗം കടമുറികളും ദീർഘകാലമായി ഒരേ വാടകക്കാർ തന്നെ കൈവശം വച്ച് വരുന്നു. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചശേഷം കടമുറികൾ ആദ്യമായി വാടകയ്ക്ക് എടുത്തവർ തന്നെയാണ് 30 വർഷത്തിലധികമായി അവ ഉപയോഗിച്ചുവരുന്നത്. കടമുറികൾ വീണ്ടും ലേലം ചെയ്യുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. മുൻപ് എന്നാണ് ലേലം നടന്നത് എന്നത് സംബന്ധിച്ചും രേഖകളില്ല. വാടകയിൽ 5% വർദ്ധനവ് ഓരോ വർഷവും വരുത്തുന്നുണ്ടെങ്കിലും ഡിപ്പോസിറ്റ് തുകയിൽ അതനുസരിച്ചിട്ടുള്ള വർദ്ധനവ് വരുത്തിയിട്ടില്ല. നിലവിൽ കടമുറികളുടെ പ്രതിമാസ വാടക ശരാശരി 5500 രൂപയാണ്. ടൗണിന്റെ ഹൃദയ ഭാഗത്തുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾക്ക് ഈ നിരക്ക് തുലോം കുറവാണ് എന്ന് വിലയിരുത്തുന്നു. കടമുറികൾക്ക് കാലാനുസൃതമായി വാടക പുതുക്കി നിശ്ചയിച്ച് ലേലം നടത്തി നൽകാത്തതിനാൽ ഗണ്യമായ വരുമാന നഷ്ടം ഗ്രാമപഞ്ചായത്തിന് ഓരോ വർഷവും ഉണ്ടാകുന്നു.

2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ 10 പ്രകാരം ഗ്രാമപഞ്ചായത്ത് ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ, പാട്ടത്തിനോ നൽകുന്ന കടമുറികൾ/ബങ്കുകൾ/സ്റ്റാളുകൾ മുതലായവയുടെ ഓരോ ഇനത്തിലും 10% പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ആളുകൾക്കുവേണ്ടിയും, 3% ഭിന്നശേഷി വിഭാഗങ്ങൾക്കും 3% വിധവകൾക്കും സംവരണം ചെയ്തു നൽകേണ്ടതാണ്. ബന്ധപ്പെട്ട വിഭാഗത്തിൽ നിന്നും അപേക്ഷകളൊന്നും ഇല്ലാത്തപക്ഷം മാത്രമേ മറ്റ് വിഭാഗക്കാർക്ക് അനുവദിച്ചു നൽകാവൂ. എന്നാൽ 2021-22 കാലയളവിൽ ഭിന്നശേഷി വിഭാഗങ്ങൾക്കും, വിധവകൾക്കും അർഹമായ സംവരണ പ്രകാരം മുറികൾ അനുവദിച്ചിട്ടില്ല.

വാടക രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. അടിസ്ഥാന വാടക മാത്രമാണ് രേഖപ്പെടുത്തുന്നത്. അടിസ്ഥാന വാടകയിന്മേൽ ജി.എസ്.റ്റി., കാലതാമസത്തിന്റെ പിഴപ്പലിശ എന്നിവ കണക്കാക്കി രേഖപ്പെടുത്തുന്നില്ല. വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെ കൃത്യത മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല

2020-21 -സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം പഞ്ചായത്ത് വക കടമുറികളുടെ വാടകക്കുടിശ്ശിക ഇനത്തിൽ 503258 രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. ഇത് മുൻ വർഷങ്ങളിലെ കടിശ്ശികയാണ്. കുടിശ്ശികയുടെ വിവരങ്ങൾ ഇപ്രകാരമാണ്.

| ക്രമ നം | പേരും മേൽവിലാസവും | കുടിശ്ശിക കാലയളവ് | വാടകക്കുടിശ്ശിക | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | പി.എം.വർഗ്ഗീസ് മാണിയപുരയ്ക്കൽ കുറ്റീർ | 2017-18 | 33000 | നിലവിൽ വാടകക്കാരനല്ല. കുടിശ്ശിക അടവാക്കിയിട്ടുമില്ല. |
| 2 | കെ.ആർ. ചെല്ലപ്പൻ വലിയറയിൽ തെങ്ങേലി | 2017-18 | 3750 | വാടക കുടിശ്ശിക അടവാക്കി. |
| 3 | ജയകുമാർ പാലമൂട്ടിൽ വെൺപാല | 2017-18 | 8820 | നിലവിൽ വാടകക്കാരനാണ്. കുടിശ്ശിക അടവാക്കിയിട്ടില്ല. |
| 4 | സുനി കുരുവിള ഇലക്കുറ്റൂർ | 2017-18 | 70 | വാടക കുടിശ്ശിക അടവാക്കി. |
| 5 | എം.എൻ. ഗോപാലകൃഷ്ണൻ മോഡിയിൽ കുറ്റൂർ | 2017-18 | 78448 | നിലവിൽ വാടകക്കാരനാണ്. കുടിശ്ശിക അടവാക്കിയിട്ടില്ല. |
| 6 | അമ്മിണി കുഞ്ഞുപണിക്കർ ചിറ്റക്കാട്ട് കുറ്റൂർ | 2017-18 | 2900 | വാടക കുടിശ്ശിക അടവാക്കി. |
| 7 | സോമശേഖരൻ പിള്ള | 2017-18 | 5 | വാടക കുടിശ്ശിക അടവാക്കി. |
| 8 | സുജാതാ കുമാർ അടിച്ചിറ വീട് കുറ്റൂർ | 2017-18 | 37132 | നിലവിൽ വാടകക്കാരനല്ല. കുടിശ്ശിക അടവാക്കിയിട്ടുമില്ല. |
| 9 | റ്റി. റ്റി. മാത്യു തെക്കുംമുറിയിൽ വള്ളംകുളം | 2017-18 | 192 | വാടക കുടിശ്ശിക അടവാക്കി. |
| 10 | ജയ് കോച്ചൻ | 2017-18 | 1 | വാടക കുടിശ്ശിക അടവാക്കി |
| 11 | അജിമോൻ വർഗ്ഗിസ് ജോർജ്ജ് വാഴകുളത്ത് തുകലശ്ശേരി | 2018-19 | 338940 | റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| | ആകെ കുടിശ്ശിക | | 503258 | |

ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 13 തീയതി 19.12.2022) ലഭ്യമാക്കിയ മറുപടി പ്രകാരം നിലവിൽ അഞ്ചു പേരിൽ നിന്നും വാടകക്കുടിശ്ശിക ആയി 4,96,340 രൂപ തിരിച്ച് പിടിക്കുവാനുണ്ട്. ഇതിൽ ഒരാൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവരിൽ നിന്നും കുടിശ്ശിക തിരിച്ച് പിടിക്കുന്നതിന് റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ പട്ടിക പ്രകാരം വാടക കുടിശ്ശിക വരുത്തിയവർ തന്നെ നിലവിലും ടി കടമുറികൾ ഉപയോഗിച്ച് വരുന്നതിനാൽ(ക്രമ നം. 3 & 5) അവരെ ഒഴിവാക്കുന്നതിനും ആ കടമുറികൾ പുനർലേലം ചെയ്ത് നൽകുന്നതിനുമുള്ള നപടികളും സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ :

1. ഗ്രാമപഞ്ചായത്ത് വക കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് വ്യവസ്ഥകൾ ഉൾപ്പെടുത്തി ഒരു ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതും അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന വാടക പുതുക്കി നിർണ്ണയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ

പുനർലേലം നടത്തേണ്ടതുമാണ്. ഷോപ്പിംഗ് കോംപ്ലക്സിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

2. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ 7 (2) പ്രകാരവും ഫോറം III മാതൃകയിൽ വാടകക്കാരിൽ നിന്നും കരാർ എഴുതി വാങ്ങേണ്ടതാണ്.

## 1 - 12 മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്യുന്നില്ല-പഞ്ചായത്തിന് വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിലെ വിവരാവകാശ രജിസ്റ്റർ പരിശോധിച്ചപ്പോൾ 27.2.2021-ലെ 400345/psano /gramapaanchaythofice/ 2021/1110-ാം നമ്പർ പ്രകാരമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടു. ഈ പരാതിയിൽ പഞ്ചായത്ത് ഷോപ്പിംഗ് കോപ്ലക്സിനോടു സമീപമുള്ള പുറംപോക്ക് ഭൂമി നിയമ വിരുദ്ധമായി കൈയ്യേറി അതിൽ ഷെഡ് വച്ച് അനധികൃതമായി ഇറച്ചി വ്യാപാരം നടത്തിയിരുന്നതായി അറിയിക്കുകയും ആയത് നിർത്തുന്നതിന് നടപടി ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ടി വ്യക്തിയ്ക്ക് നോട്ടീസ് നൽകുകയും പ്രസ്തുത ഇറച്ചി വ്യാപാരം നിർത്തിവയ്ക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ഉണ്ടായി. കുറ്റൂർ ജംഗ്ഷൻ, തെങ്ങേലി, ഓതറ ഭാഗം, വെൺപാല എന്നിവിടങ്ങളിൽ സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം ഇറച്ചിവ്യാപാരം ലേലം ചെയ്ത് നൽകാൻ 8.2.2022-ലെ 8(1) നമ്പർ ആയി പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു. എന്നാൽ നാളിതുവരെ ഇപ്രകാരം ഒരു ലേലം നടന്നിട്ടില്ലായെന്ന് ലേല ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 17തീയതി 21.12.2022) മറുപടിയായി, ഇറച്ചി വ്യാപാരം നടത്തുന്നതിന് ആവശ്യമായ കെട്ടിടമോ അനുബന്ധ സൗകര്യങ്ങളോ ഇല്ലായെന്നും ടി സ്ഥലം ഇറച്ചി വ്യാപാരത്തിന് അനുയോജ്യമല്ലയെന്നും ആയതിനാലാണ് ലേല നടപടികൾ സ്വീകരിക്കാതിരുന്നതെന്നുമാണ് അറിയിച്ചത്. അനുയോജ്യമായ സ്ഥലം കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിലൂടെ അറിയിച്ചു. ഈയിനത്തിൽ ലേലം നടക്കാത്തതിനാൽ വർഷങ്ങളായി ഗണ്യമായ വരുമാന നഷ്ടം ഉണ്ടാകുന്നു. അംഗീകൃത അറവുശാലകളിൽ നിന്നും ഉള്ള മാംസം വ്യാപാരം നടത്തുന്നതിന് നടപ്പ് വർഷം മുതൽ ലേലം ചെയ്യേണ്ടതാണ്.

## 1 - 13 അനധികൃതമായി കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടഭാഗങ്ങൾ ക്രമവത്ക്കരിച്ച് നികുതി പുനർ നിർണ്ണയം നടത്തിയിട്ടില്ല

കുറ്റൂർ വില്ലേജിൽ സർവ്വേ നം. 10/5, 10/12 -ലുള്ള ഭൂമിയിൽ നിലവിലുള്ള പാർപ്പിടത്തിനോട് ചേർന്ന് 20.17 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിച്ചത് ക്രമവത്ക്കരിക്കരിച്ച് നമ്പറിംഗിനായി ശ്രീ. K.V. തോമസ് വെൺപാല എന്നയാൾ 16.12.2021 - ൽ A2-767/2021 നമ്പരായി അപേക്ഷ നൽകി. ഇതിനായി സമർപ്പിച്ചിട്ടുള്ള പ്ലാനിൽ പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ (നം. 1/174) വിസ്തീർണ്ണം 172.77ച.മീ. എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് (പശുതൊഴുത്ത്, ശൗചാലയം ഒഴിച്ചുള്ള അളവ്). എന്നാൽ സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം പാർപ്പിടത്തിന്റെ ആകെ വിസ്തീർണ്ണം 75ച.മീ. മാത്രമാണ്. ബാക്കിയുള്ള 98 ച.മീ. അസ്സസ്സ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിൽ നിന്നും പെർമിറ്റ് എടുക്കാതെ അനധികൃമായി കൂട്ടിച്ചേർക്കൽ വരുത്തിയ ടി. കെട്ടിടഭാഗങ്ങൾ റഗുലറൈസ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചില്ല. അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 21 തീയതി 24.12.2022) മറുപടിയായി, ടി കെട്ടിടത്തിന്റെ ക്രമവൽക്കരണം നടത്തുന്നതിനും നികുതി പുനർ നിർണ്ണയിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. തുടർനടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1 - 14 വസ്തു നികുതിയിന്മേൽ സേവന ഉപനികുതി ഈടാക്കുന്നില്ല

2011-ലെ കേരള കേരളാ പഞ്ചായത്തിരാജ്(വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 27-ാം ചട്ടത്തിൽ ഒരു പഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് പ്രകാരം സേവന ഉപനികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ നൽകുകയാണെങ്കിൽ കൗൺസിൽ അംഗീകരിക്കുന്ന നിരക്കിൽ സേവന ഉപനികുതികൾ ചുമത്താവുന്നതാണെന്നും എന്നാൽ അപ്രകാരം ചുമത്തുന്ന സേവന ഉപനികുതി 27-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിരക്കിൽ കുറയാൻ പാടുള്ളതല്ലയെന്നും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ നാളിതുവരെ പഞ്ചായത്ത് ടി സാധ്യത പ്രയോജനപ്പെടുത്തിയിട്ടില്ല. 27-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കുറഞ്ഞ നിരക്കുകൾ ചുവടെ ചേർക്കുന്നു.

1. ശുചിത്വ പരിപാലനം വസ്തു നികുതിയുടെ 4%

2. ജലവിതരണം വസ്തു നികുതിയുടെ 3%

3. തെരുവ് വിളക്കുകൾ വസ്തു നികുതിയുടെ 2%

4. ഡ്രെയിനേജ് വസ്തു നികുതിയുടെ 1%

കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടി സ്വീകരിച്ചില്ല. സാമ്പത്തിക വർഷം ജലവിതരണം, തെരുവുവിളക്ക് സ്ഥാപിക്കൽ എന്നീ സേവനങ്ങൾ ഏർപ്പെടുത്തുന്നതിനായി വാട്ടർ അതോറിറ്റിയിൽ 2057115 രൂപയും ഇലക്ട്രിസിറ്റി ബോർഡിൽ 503839 രൂപയും നിക്ഷേപിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ സേവനങ്ങൾ വർഷാവർഷം നൽകുന്നുണ്ടെങ്കിലും സേവന ഉപനികുതി ഈടാക്കാത്തതിനാൽ വലിയ വരുമാന നഷ്ടമുണ്ടാകുന്നു. ഉദാഹരണമായി ഗ്രാമപഞ്ചായത്തിന്റെ കഴിഞ്ഞ 5 വർഷത്തെ വസ്തു നികുതിയുടെ ഡിമാന്റും ഈടാക്കാവുന്ന സേവന ഉപനികുതിയുടെ ഡിമാന്റും പട്ടികയായി ചുവടെ ചേർക്കുന്നു.

| വർഷം | ഡിമാന്റ് ചെയ്ത വസ്തു നികുതി | ഡിമാന്റ് ചെയ്യാമായിരുന്ന സേവന ഉപനികുതി (കുറഞ്ഞത് 10%) |
|---|---|---|
| 2017-18 | 3263610 | 326361 |
| 2018-19 | 3161469 | 316147 |
| 2019-20 | 3190464 | 319046 |
| 2020-21 | 3311554 | 331155 |
| 2021-22 | 3427846 | 342785 |
| ആകെ | 16354943 | 16,35,494 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 3 തീയതി 16.12.2022) മറുപടിയായി, നിലവിൽ സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള കെട്ടിട നികുതി നിരക്കിൽ ഏറ്റവും കൂടിയ നിരക്കിലാണ് പഞ്ചായത്തിൽ നികുതി ഈടാക്കി വരുന്നതെന്നും ഈ സാഹചര്യത്തിൽ സേവന നികുതി കൂടി ഈടാക്കുകയാണെങ്കിൽ കെട്ടിട നികുതിയിൽ ഭീമമായ വർദ്ധനവ് ഉണ്ടാകുമെന്നും ആണ് അറിയിച്ചത്.

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ലാത്തതിനാൽ സേവന ഉപനികുതി ഈടാക്കുന്നതിന് ഉള്ള സാദ്ധ്യത ഭരണതലത്തിൽ പരിശോധിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

## 1 - 15 തൊഴിൽനികുതി പിരിവ് കാര്യക്ഷമമല്ല

തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(എ) നിയമാനുസൃതം നോട്ടീസ് നൽകുന്നില്ല

കേരളാ പഞ്ചായത്തിരാജ് ആക്ട് 205(ബി) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നികുതിക്കു വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കുവാൻ നോട്ടീസു മൂലം ആവശ്യപ്പെടാൻ സെക്രട്ടറി ബാദ്ധ്യസ്ഥനാണ്. എന്നാൽ ഇപ്രകാരം സെക്രട്ടറി ആവശ്യപ്പെട്ടിട്ടില്ലായെന്ന് സെക്ഷനിൽ നിന്നും വിശദീകരണം ലഭിച്ചു. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥനായ ഏതൊരാളിൽ നിന്നും ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച നിരക്കിൽ തൊഴിൽ നികുതി വസൂലാക്കാൻ വകപ്പ് 205ഡി പ്രകാരം തൊഴിലുടമ ബാധ്യസ്ഥനാണ്. ഓഫീസ് തലവന്റെയോ, തൊഴിലുടമയുടെയോ ഭാഗത്തുനിന്നുള്ള വീഴ്ച കാരണം കുടിശ്ശിക വരുമ്പോൾ അത് അയാളിൽ നിന്നുള്ള കുടിശ്ശിക എന്ന പോലെ ചട്ടങ്ങൾക്ക് വിധേയമായി വസൂലാക്കാവുന്നതാണെന്ന് വകുപ്പ് 205(3) ലും നിഷ്കർഷിച്ചിട്ടുണ്ട്. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും തുടർ വർഷങ്ങളിൽ കൃത്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ബി) റേഷൻ കടകൾ ക്ഷീരസംഘങ്ങൾ എന്നിവങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 14 റേഷൻ കടകൾ, 3 ക്ഷീരസംഘങ്ങൾ, അക്ഷയകേന്ദ്രം എന്നിവിടങ്ങ ളിലെ ജിവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ ഈ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസും തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

(സി) മരാമത്ത് പ്രവൃത്തിയുടെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-

ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ എടുത്തിട്ടുള്ള താഴെപ്പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | സദാനന്ദൻ പി.കെ. |
| 2 | പി.എ. മാത്യു |
| 3 | റെജി വർഗ്ഗീസ് |
| 4 | ബിനു കെ. എബ്രഹാം |
| 5 | സുധീപ് എസ്. |
| 6 | മോൺസൺ ഐസക് |
| 7 | സുരേഷ് കുമാർ |
| 8 | പ്രസാദ് കുമാർ ആർ. |
| 9 | എ. എസ്. രാജൻ പിള്ള |
| 10 | ബിജി എബ്രഹാം |
| 11 | ജിബി മാത്യു |
| 12 | പ്രശാന്ത് പ്രസാദ് |
| 13 | മനോജ് ഗോപാൽ |
| 14 | സനിൽ കുമാർ എം. എൽ. |
| 15 | ജിതിൻ വർഗ്ഗീസ് |

മേൽപ്പറഞ്ഞ കരാറുകാർ നാളിതുവരെ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ചതായി രേഖകളില്ല. ഇവർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

(ഡി) പോസ്റ്റ് ഓഫീസ് വെൺപാല, മിനി മുത്തൂറ്റ് നിധി ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 18 തീയതി 23.12.2022) മറുപടിയായി, ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചു. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളുടെ വിവരം സംബന്ധിച്ച രജിസ്റ്റർ കാലികമാക്കി, ആയതിന്റെ അടിസ്ഥാനത്തിൽ നികുതി പിരിവ് നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1 - 16 ഓൺലൈൻ വസ്തുനികുതി - പഞ്ചായത്തിന് തുക ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നു

വസ്തുനികുതി ഓൺലൈനായി അടവാക്കുന്നതിന് പഞ്ചായത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, കുറ്റൂർ ശാഖയിൽ 37194797145 നമ്പരായി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിൽ വസ്തു നികുതി അടവാക്കുന്ന അവസരത്തിൽ തന്നെ വസ്തുനികുതിയ്ക്കുള്ള സോഫ്റ്റ്‌വെയർ ആയ സഞ്ചയ ഓൺലൈനിൽ അപ്ഡേറ്റാകുകയും വസ്തു നികുതി അടവാക്കുന്ന വ്യക്തിക്ക് അടച്ച തുകയുടെ രസീത് ലഭ്യമാകുകയും ചെയ്യുന്നു. എന്നാൽ ഈ തുക പഞ്ചായത്തിന് ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സഞ്ചയയിൽ തുക ഒടുക്കിയ തീയതി | തുക | അക്കൗണ്ടിൽ വരവ് വന്ന തീയതി |
|---|---|---|
| 01.09.2021 | 980 | 07.09.2021 |
| 02.09.2021 | 6532 | 07.09.2021 |
| 03.09.2021 | 419 | 07.09.2021 |
| 04.09.2021 | 2113 | 13.09.2021 |

01.09.2021 മുതൽ 30.09.2021 വരെ ഇ-പേയ്മെന്റ് വഴി സഞ്ചയയിൽ 34360 രൂപ വന്നിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ഇതിനായുള്ള അക്കൗണ്ടിൽ 30.09.2021-ൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളത് 29428 രൂപ മാത്രമാണ്. 4932 രൂപയുടെ വ്യത്യാസം ഒറ്റമാസത്തിലെ കണക്കിൽ. ഒരു മിനിറ്റിനുള്ളിൽ ഓൺലൈൻ ട്രാൻസാക്ഷൻ സാദ്ധ്യമാകുന്ന അവസരത്തിലാണ് ഇത്രയും കാലതാമസം ഉണ്ടാകുന്നതെന്നത് പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. ഒരാഴ്ച

വ്യത്യാസത്തിലാണ് തുകകൾ പഞ്ചായത്ത് അക്കൗണ്ടിൽ വരുന്നത്. ഈ സാങ്കേതിക പിഴവ് മൂലം പഞ്ചായത്തിലെ ഇ-പേമെന്റ് വഴിയുള്ള വരവ് കണക്കുകളും സഞ്ചയയിലെ വസ്തുനികുതി കണക്കുകളും തമ്മിൽ പൊരുത്തപ്പെടാതെ പോകുന്നു.

നിലവിൽ ജനന-മരണ, വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആക്കിയിട്ടുള്ളതിനാൽ അവയുടെ ഫീസും ഈ ഇ-പേയ്മെന്റ് അക്കൗണ്ടിലാണ് ലഭിക്കുന്നത്. ഈ സാമ്പത്തിക വർഷത്തിൽ (31.03.2022 പ്രകാരം) മേൽ ഫീസിനങ്ങളിൽ 7823 രൂപ ILGMS അക്കൗണ്ടിംഗ് പ്രകാരം വരവായി വന്നിട്ടുണ്ടെങ്കിലും ഓഡിറ്റ് പീരിഡിലും ഈ തുക പാസ് ബുക്കിൽ വരവായി വന്നിട്ടില്ല. അപാകം പരിഹരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1 - 17 ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്കായുള്ള ടെൻഡർ ഫോറത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ടെണ്ടർ ഫോമുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെയാണ് കരാറുകാർക്ക് വിതരണം ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 20 തീയതി 23.12.2022) മറുപടിയായി, സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതാണെന്ന് അറിയിച്ചു. പദ്ധതിയുടെ അടങ്കൽ തുകയ്ക്ക് അനുസരിച്ച് ടെൻഡർ ഫോറത്തിന്റെ വില 300 രൂപ മുതൽ 2000 രൂപ വരെയാണ്. ടെണ്ടർ ഫോമുകളുടെ സ്റ്റോക്കും അവയുടെ വിതരണവും കൃത്യമല്ലെങ്കിൽ ടെണ്ടർ നടപടികളിൽ ഗുരുതരമായ ക്രമക്കേടുകൾക്ക് അത് അവസരമുണ്ടാക്കും.

അപാകം പരിഹരിക്കുന്നതിന് ഭരണതലനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 സംയുക്തപരിശോധന നടത്തിയെങ്കിലും വെള്ളക്കരം കുറവ് ചെയ്തില്ല

301 പൊതു ടാപ്പുകളുടെ കുടിവെള്ളക്കരം ഇനത്തിൽ പ്രതിമാസം 93262 രൂപ വീതം ഗ്രാമപ്പഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. പ്രവർത്തിക്കുന്ന കുടിവെള്ള പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിന് വാട്ടർ അതോറിറ്റിയും ഗ്രാമപ്പഞ്ചായത്തും ( 24.9.2019 മുതൽ 28.9.2019 വരെ ദിവസങ്ങളിൽ) സംയുക്ത പരിശോധന നടത്തിയിരുന്നു. തുടർന്ന് 4.10.2019 ലെ ES.TT.PHSN/06/04-05/Vol III നമ്പർ കത്ത് പ്രകാരം 203 പൊതുടാപ്പുകൾ ആണ് പ്രവർത്തിക്കുന്നത് എന്നും അവയ്ക്ക് മാത്രമാണ് വെള്ളക്കരം ഒടുക്കേണ്ടത് എന്നും സൂചിപ്പിച്ച് വാട്ടർ അതോറിറ്റി നെടുമ്പ്രം പി.എച്ച്. സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിശോധനാ റിപ്പോർട്ട് ഗ്രാമപ്പഞ്ചായത്തിന് നൽകിയിരുന്നു. ഇതനുസരിച്ച് 11/2019 മുതൽതന്നെ 203 പൊതുടാപ്പുകൾക്കായി വെള്ളക്കരം പുനർനിർണ്ണയിച്ച് കുറവ് ചെയ്യേണ്ടിയിരുന്നു. എന്നാൽ ടാപ്പുകളുടെ എണ്ണം ഇപ്രകാരം കുറവ് ചെയ്യാതെയാണ് വാട്ടർ അതോറിറ്റി നാളിതുവരെയും വെള്ളക്കരം ഈടാക്കി വരുന്നത്. ഭീമമായ പാഴ്ച്ചെലവ് ആണ് പരിണത ഫലം. ലക്ഷങ്ങൾ തനത്ഫണ്ടിൽ നിന്നും പാഴായിപ്പോയിട്ടും അതിനെതിരെ ഫലപ്രദമായ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചില്ല എന്നത് ഗൌരവതരമാണ്. സംയുക്ത പരിശോധനാ റിപ്പോർട്ട് പ്രകാരം വെള്ളക്കരം അടുത്ത മാസം മുതൽ തന്നെ കുറവ് ചെയ്യുന്നതിനും, 11/2019 മുതൽ നാളിതുവരെ അധികം ഒടുക്കിയ തുക കണക്കാക്കി തുടർന്നുള്ള ബില്ലുകളിൽ നിന്നും കുറവ് ചെയ്യുന്നതിനും ഭരണ തലത്തിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

2021 ഏപ്രിൽ മാസത്തെ വെള്ളക്കരത്തിനായി വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിച്ച ഡിമാന്റ് നോട്ടീസ് പ്രകാരം 31.3.21 വരെയുള്ള കുടിശ്ശിക 150690 രൂപയും 4/2021 ലെ വെള്ളക്കരം 93262 രൂപയും ആയിരുന്നു. ഗ്രാമപ്പഞ്ചായത്ത് ഓരോ മാസത്തെയും വെള്ളക്കരം ഒടുക്കുന്നുണ്ടെങ്കിലും കുടിശ്ശിക ഒടുക്കുന്നില്ല. ഇക്കാരണത്താൽ കുടിശ്ശികയോടൊപ്പം ഓരോ മാസത്തെയും ഫൈൻ കൂടിച്ചേർന്ന് 3/2022 ൽ കുടിശ്ശിക 192530 രൂപ ആയി വർദ്ധിച്ചു. ഇത് തുടർന്നാൽ കുടിശ്ശിക പെരുകി ഗ്രാമപ്പഞ്ചായത്തിന് വൻബാദ്ധ്യത ആയി മാറും എന്ന് വിലയിരുത്തുന്നു. ഇതിനകം വാട്ടർ അതോറിറ്റിയിൽ അധികം ഒടുക്കിയ തുകയിൽ നിന്നും ടി കുടിശ്ശിക കൂടി കുറവ് ചെയ്ത് ക്രമീകരിക്കേണ്ടതാണ്.

## 1 - 19 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലക്ഷങ്ങൾ കൈമാറി - പൂർത്തീകരണം ഉറപ്പാക്കിയില്ല

2017-18 മുതൽ 2020-21 വരെ കേരള വാട്ടർ അതോറിറ്റി, കെ എസ് ഇ ബി എന്നീ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ ഒട്ടേറെ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഇപ്പോഴും ലഭ്യമാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | ഡെപ്പോസിറ്റ് ചെയ്ത തുക | വർഷം | നിർവ്വഹണ ഏജൻസി | പദ്ധതിയുടെ നിലവിലെ അവസ്ഥ |
|---|---|---|---|---|
| S0180- വൈദ്യുതി ലൈൻ നീട്ടൽ | 96180 | 2017-18 | KSEB | പദ്ധതി പൂർത്തീകരിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| S0068-പൈപ്പ് ലൈൻ | 1300000 | 2018-19 | KWA | പദ്ധതി പൂർത്തീകരിച്ചു |

| | | | | |
|---|---|---|---|---|
| എക്സ്റ്റൻഷൻ | | | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| S0164-ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ വാർഡ് - 3 | 17298 | 2018-19 | KSEB | പദ്ധതി പൂർത്തീകരിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| S0007-ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 65199 | 2020-21 | KSEB | പദ്ധതി പൂർത്തീകരിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| S0040-പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 933000 | 2020-21 | KWA | പദ്ധതി പൂർത്തീകരിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| S0041-തടത്തിൽകുഴി SC കോളനി-പാണ്ടിശ്ശേരി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 100000 | 2020-21 | KWA | പദ്ധതി പൂർത്തീകരിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| S0123-സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 1577821 | 2020-21 | KSEB | പദ്ധതി പൂർത്തീകരിച്ചു.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| S0157-മതിയംചിറ മിനിസ്റ്റേഡിയം ട്രാൻസ് ഫോർമർ മാറ്റി സ്ഥാപിക്കൽ | 283396 | 2020-21 | KSEB | പദ്ധതി പൂർത്തീകരിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| S0226-ജലജീവൻമിഷൻ പദ്ധതി- ഗാർഹിക കുടിവെള്ള കണക്ഷൻ | 1963650 | 2020-21 | KWA | പ്രവൃത്തി പൂർത്തീകരിച്ചില്ല |
| S0245-ഗവ.എച്ച്.എസ്. പടി ശാസ്താംനട റോഡ് പൈപ്പ് ലൈൻ സ്ഥാപിക്കൽ | 300000 | 2020-21 | KWA | പദ്ധതി പൂർത്തീകരിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |

ചുവടെ പറയുന്ന പദ്ധതികൾക്കായി 2021-22 ൽ വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും പ്രവൃത്തികൾ ഇതേവരെ പൂർത്തീകരിച്ചില്ല.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഡെപ്പോസിറ്റ് ചെയ്ത തുക | തുക ആർക്ക് നൽകി | ബിൽ റഫറൻസ് നമ്പർ |
|---|---|---|---|---|
| 1 | ജലജീവൻ മിഷന് വിഹിതം | 1336115 | വാട്ടർ അതോറിറ്റി, തിരുവനന്തപുരം | BRN 638970/ 11.11.21 |
| 2 | കുന്നകണ്ടത്തിൽ - പ്രായിൽപ്പടി, കല്ലുമലപ്പടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 721000 | വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, തിരുവല്ല | BRN 701919/ 25.11.2021 |
| 3 | കയ്യാലയ്ക്കകത്ത് ദേവീക്ഷേത്രം റോഡ് " “ | | വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, തിരുവല്ല | BRN 701919/ 25.11.2021 |
| 4 | വലിയകന്നത്ത്പടി | | വാട്ടർ അതോറിറ്റി, | BRN |

| | | | | |
|---|---|---|---|---|
| | മന്നത്ത്പടി, കണിയാംപാറ കോളനി " “ | | പി.എച്ച്.ഡിവിഷൻ, തിരുവല്ല | 701919/ 25.11.2021 |
| 5 | ചുട്ടിപ്പാറയിൽ മാങ്കോട്ടപ്പടി " “ | | വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, തിരുവല്ല | BRN 701919/ 25.11.2021 |
| 6 | ശ്മശാനം റോഡ് മുടിച്ചിറപ്പടവ് റോഡ് " “ | | വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, തിരുവല്ല | BRN 701919/ 25.11.2021 |
| 7 | പൈനമൂട്ടിൽപ്പടി, തൊമ്പിത്തറ കോളനി, താഴയിൽ റോഡ് " | | വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, തിരുവല്ല | BRN 701919/ 25.11.2021 |
| 8 | കളിയിക്കൽപ്പടി മാലിപ്പറമ്പ് " | | വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, തിരുവല്ല | BRN 701919/ 25.11.2021 |

നിർവ്വഹണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ടി പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും ഭരണതല നടപടികൾക്കായി ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-20 ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത റോഡുകളുടെ നിർമ്മാണം ഏറ്റെടുക്കുന്നു - ക്രമ വിരുദ്ധം

മുൻവർഷങ്ങളിലെ പദ്ധതികൾ പ്രകാരം നിർമ്മാണം നടത്തിയിട്ടുള്ള ചുവടെ പറയുന്ന റോഡുകൾ ആസ്തി രജിസ്റ്ററിൽ ചേർക്കാൻ 18.1.2022 ലെ 1(2) നമ്പരായി പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു.

| ക്രമ നമ്പർ | റോഡിന്റെ പേര് |
|---|---|
| 1 | പാറയിൽ ചൂളക്കുന്ന് ചൂരയ്ക്കൽ റോഡ് |
| 2 | കുറുന്തറപ്പടി വേൺപാലപ്പടി റോഡ് |
| 3 | വരിയ്ക്കോലിപ്പടി കൊച്ചുപറമ്പിൽപ്പടി റോഡ് |
| 4 | മുളന അംഗൻവാടി പണ്ടാത്ര റോഡ് |
| 5 | ഞക്കണ്ണിൽ കടവുംപാറ റോഡ് |
| 6 | എസ് എൻ ഡി പി പനച്ചിത്രപ്പടി റോഡ് |
| 7 | വള്ളവുംകാലാപ്പടി ചിറയ്ക്കൽപ്പടി റോഡ് |
| 8 | പാലത്തിട്ട സെന്റ് ജോർജ് പള്ളി റോഡ് |
| 9 | അമ്പാട്ട്പടി മാലിപ്പുറത്ത് റോഡ് |
| 10 | പുളിക്കമാലി മാലിക്കപ്പടി റോഡ് |
| 11 | പുന്നക്കാട്ട് പടി നടുവിലേപ്പടി റോഡ് |
| 12 | നെല്ലിക്കുന്നത്ത്മഠം പാലപ്പള്ളി റോഡ് |
| 13 | കീത്തലപ്പടി പി ഐ പി കനാൽഭാഗം റോഡ് |
| 14 | വള്ളിയിൽകാവ് ദേവീക്ഷേത്രം ഒട്ടത്തിൽപ്പടി റോഡ് |
| 15 | പാപ്പനവേലിപ്പടി കനാൽപ്പടി റോഡ് |
| 16 | ചൈത്രം പടി നെടുവേലിക്കുന്ന് റോഡ് |
| 17 | ചിറക്കരപ്പടി മൂത്തേടത്ത്പടി റോഡ് |
| 18 | ഭദ്രാനഗർ അശോകഭവൻ റോഡ് |

പ്രസ്തുത റോഡുകൾ ആസ്തിരജിസ്റ്ററിൽ ചേർക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശം ആരാഞ്ഞ് 24.12.2022 ൽ 22-ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ ആണോ ഇവയെന്നതിൽ വ്യക്തതയില്ല. ഏത് വർഷങ്ങളിലാണ് പ്രസ്തുത റോഡുകളുടെ നിർമ്മാണം നടത്തിയത് എന്നതിന്റെ വിശദാംശം ലഭ്യമാക്കിയില്ല. ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താതെയും പഞ്ചായത്തിന്റെ അധീനതയിലുള്ളവ

ആണെന്ന് ഉറപ്പ് വരുത്താതെയും ഇപ്രകാരം റോഡ് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നത് ക്രമപ്രകാരമല്ല. അപാകം പരിഹരിക്കുന്നതിനും ആവർത്തിക്കാതിരിക്കുന്നതിനുമായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 കൊവിഡ് മഹാമാരി - ജനപ്രതിനിധികളുടെ ഓണറേറിയം കുറവ് ചെയ്യണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചില്ല

സ.ഉ (അച്ചടി) നമ്പർ 46/2020/ധന. തീയതി 23.4.2020 പ്രകാരം സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളത്തിന്റെ ഒരു ഭാഗം താൽക്കാലികമായി മാറ്റി വച്ച് ഉത്തരവായിരുന്നു. ടി ഉത്തരവ് പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ പ്രതിമാസ ഹോണറേറിയം ഒരു വർഷത്തേക്ക് 30 ശതമാനം കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ടി ഉത്തരവിന് വിരുദ്ധമായി ജനപ്രതിനിധികളുടെ ഹോണറേറിയം ഇനത്തിൽ 114000 രൂപ മാറ്റിവച്ചശേഷം, കേരള ബാങ്ക് അക്കൗണ്ട് ചെക്ക് നമ്പർ 5382/18.8.2021 പ്രകാരം അവർക്ക് തിരികെ നൽകി (വൗച്ചർ നമ്പർ 22100354/19.8.2021). മാറ്റി വച്ച ഓണറേറിയം ജനപ്രതിനിധികൾക്ക് തിരികെ നൽകിയത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. അപാകം സംബന്ധിച്ച് വിശദീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 അഗതിരഹിതകേരളം - പദ്ധതി അവഗണനയിൽ

ഗ്രാമപ്പഞ്ചായത്തിലെ നിരാലംബരായിട്ടുള്ളവർ, അഗതികൾ എന്നിവരെ കണ്ടെത്തി അവരുടെ പുനരധിവാസം നടപ്പാക്കുന്നതിനുള്ള "അഗതിരഹിത കേരളം" പദ്ധതിക്ക് 10.3.2019 ൽ ആണ് അംഗീകാരം ലഭിച്ചത്. 120 ഗുണഭോക്താക്കളെ സർവ്വെയിലൂടെ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അവർക്ക് വിവിധ ഇനങ്ങളിലുള്ള ആനുകൂല്യം നൽകുന്നതിനായി 16668100 രൂപയുടെ പദ്ധതി ആണ് തയ്യാറാക്കിയത്. ചലഞ്ച് ഫണ്ട് ആയി നാളിതുവരെ (31.3.2022വരെ) ലഭിച്ച 1196733 രൂപ പൂർണ്ണമായും ഭക്ഷണ വിതരണത്തിന് ചെലവഴിച്ച് കഴിഞ്ഞു. ഇതോടൊപ്പം വികസനഫണ്ട് കൂടി ചേർത്ത് ആകെ 2114462 രൂപ ഓഡിറ്റ് വർഷാവസാനം വരെ ഭക്ഷണത്തിന് ചെലവഴിച്ചിട്ടുണ്ട്. ഇത് കൂടാതെ, ലഭിച്ച വികസന ഫണ്ടിൽ 4 ലക്ഷം രൂപ മാത്രമാണ് ഇതരഇനത്തിലുള്ള ചെലവ്. ഒരു ഗുണഭോക്താവിന് ഭവനനിർമ്മാണത്തിനായി 4 ലക്ഷം രൂപ നൽകിയ ഇനത്തിലാണിത്.

ചികിത്സ, വിദ്യാഭ്യാസം, ഭൂമി, ഭവന പുനരുദ്ധാരണം, കുടിവെള്ളം, വൈദ്യുതീകരണം എന്നീ ഇനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും അവയൊന്നും നടപ്പാക്കിയില്ല. പദ്ധതിക്ക് ലഭിച്ച വികസനഫണ്ടിൽ 1344537 രൂപ 31.3.2022 വരെ ആശ്രയ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. 2023 മാർച്ച് 31 ന് നിലവിലുള്ള പദ്ധതി അവസാനിക്കുമ്പോഴും തികഞ്ഞ അവഗണനയാണ് നിർവ്വഹണത്തിൽ പുലർത്തി വരുന്നത് എന്ന് കണക്കുകളിൽ നിന്ന് തന്നെ വ്യക്തമാണ്. പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ തീരുമാനങ്ങളിലൊന്നും തന്നെ പദ്ധതിയുടെ അവലോകനം ഉൾപ്പെട്ടിട്ടില്ല എന്നത് ഇതിന് തെളിവാണ്.

പുതിയ പദ്ധതി രൂപീകരിക്കുന്നതിന് മുമ്പായി, യഥാർത്ഥത്തിൽ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് സുതാര്യമായ സർവ്വേ നടത്തേണ്ടതാണ്. നിലവിലുള്ള പദ്ധതിനിർവ്വഹണം പരാജയപ്പെട്ടതിന്റെ കാരണം കണ്ടെത്തി അപാകം പരിഹരിക്കുന്നതിന് ഭരണതല നടപടികൾക്കായി ശുപാർശ ചെയ്യുന്നു.

## 1-23 മുൻവർഷത്തെ തൊഴിലുറപ്പ് പദ്ധതിയിൽ ക്രമക്കേട് - നഷ്ടത്തുക തിരികെ ഈടാക്കിയില്ല

തൊഴിലുറപ്പ് പദ്ധതിയുടെ അക്രഡിറ്റഡ് എഞ്ചിനീയർ ആയിരുന്ന ശ്രീ രാജീവ് പി.കെ പദ്ധതി നടത്തിപ്പിൽ ക്രമക്കേട് നടത്തിയതിനാൽ ജില്ലാ കളക്ടറുടെ 12.7.2021 B-1297/14/PAU- PTA നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് കമ്മിറ്റി ടിയാനെ ജോലിയിൽ നിന്ന് നീക്കം ചെയ്തിരുന്നു. 2020-21 ലെ പദ്ധതി പ്രകാരം പഞ്ചായത്തിലെ അഞ്ചാം വാർഡിലെ മുള്ളിപ്പാറ മലനട ബണ്ട് ബലപ്പെടുത്തുന്നതിന് വേണ്ടി വാങ്ങിയ 15 Bundle കയർ ഭൂവസ്ത്രം ചിതലെടുത്ത് ഉപയോഗശൂന്യമായതിനാൽ ആയതിന്റെ വിലയായ 102000 രൂപ ശ്രീ രാജീവിന്റെ ബാദ്ധ്യത ആയി നിർണയിച്ച് പത്തനംതിട്ട ജില്ലാ കോർഡിനേറ്റർ & ജില്ലാ കളക്ടർ 9.3.2021 ൽ ബി-1297/14-PAU-PTA നമ്പർ പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഇതനുസരിച്ച് ടി തുക ടിയാനിൽ നിന്നും നാളിതുവരെ ഈടാക്കിയിട്ടില്ല.

ടി നഷ്ടത്തുക ഉത്തരവാദിയിൽ നിന്ന് തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 സാമൂഹ്യ സുരക്ഷാപെൻഷൻ - അനുവദിക്കുന്നതിലും മരണപ്പെട്ടശേഷം റദ്ദാക്കുന്നതിലും കാലതാമസം

1) ക്ഷേമപെൻഷൻ വാങ്ങിവന്ന ഗുണഭോക്താക്കളിൽ മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷാപെൻഷൻ സ്റ്റാറ്റസ് ബന്ധപ്പെട്ട പെൻഷൻ ഡാറ്റാബേസിൽ നിന്നും സസ്പെന്റ് ചെയ്തതിൽ കാലതാമസമുണ്ടായതായി കണ്ടു. മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണം രജിസ്റ്റർ ചെയ്തവരുടെ പെൻഷൻ സ്റ്റാറ്റസ് സസ്പെന്റ് ചെയ്തതിലാണ് കാലതാമസമുണ്ടായത്.

സർക്കാർ ഉത്തരവ് നം 97/20 ധന. തീ.23.09.2020 പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹിതരുടെയും വിവരങ്ങൾ അങ്കണവാടി/ആശാവർക്കർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. എന്നാൽ ആയതിൽ വീഴ്ച ഉണ്ടായതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പേര് , വിലാസം , പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി | മരണം രജിസ്റ്റർ ചെയ്തത് | പെൻഷൻ റദ്ദ് ചെയ്ത തീയതി |
|---|---|---|---|
| ചിന്നമ്മ തോമസ് , ആര്യാട്ട്, തലയാർ കുറ്റൂർ 103800200632 | 09.08.2020 | 25.09.20 | 31.11.21 |
| ഏലിയാമ്മ എബ്രഹാം<br>കരിങ്ങാട്ടിൽ , മലയിൽ ,കുറ്റൂർ വടക്ക്<br>103800200330 | 21.09.2020 | 01.10.20 | 04.01.21 |
| രാധാകൃഷ്ണൻ<br>കുറുവന്നൂർ വീട് , തലയാർ ,കുറ്റൂർ വടക്ക്<br>103800200420 | 07.10.2020 | 13.10.20 | 18.12.21 |
| മറിയാമ്മ ചെറിയാൻ , പാപ്പനവേലിൽ<br>തെങ്ങേലി<br>103800200438 | 25.03.2020 | 03.04.20 | 03.11.21 |

അനർഹമായി വിതരണം ചെയ്യപ്പെട്ട ക്ഷേമപെൻഷൻ തിരികെ ഈടാക്കി ഒടുക്കിയതിന്റെ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, ശ്രീമതി ഏലിയമ്മ (3 മാസത്തെ പെൻഷൻ), രാധാകൃഷ്ണൻ (7 മാസത്തെ പെൻഷൻ) എന്നിവരുടെ അക്കൌണ്ടിൽ മാത്രമേ മരണശേഷം ക്ഷേമപെൻഷൻ വിതരണം ചെയ്തിട്ടുള്ളൂ എന്നും ആയത് തിരികെ ഈടാക്കി ഒടുക്കു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അനർഹമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

2) ചുവടെ പറയുന്ന ഗുണഭോക്താക്കൾക്ക് ക്ഷേമപെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം വരുത്തിയിട്ടുണ്ട്.

| വാർദ്ധക്യ കാല പെൻഷൻ - നമ്പരും, അപേക്ഷാ തീയതിയും | പെൻഷൻ ഐ.ഡി | പെൻഷൻ ലഭിച്ചു തുടങ്ങിയത്. |
|---|---|---|
| 108/17.01.22 | 103800202338 | 01.06.22 |
| 122/18.01.21 | 103800202340 | 01.06.22 |
| 1118/28.12.21 | 103800202337 | 01.06.22 |
| 960/09.12.21 | 103800202330 | 01.06.22 |

അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിക്കുന്നതിലെ കാലതാമസം മൂലം അപേക്ഷകർക്ക് ക്ഷേമപെൻഷൻ അനുവദിക്കുന്നതിലും കാലതാമസമുണ്ടാകുന്നു എന്ന മറുപടിയാണ് ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ചത്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ആയത് ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-25 തുക ഒടുക്കിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവഹണം നടത്തിയ പദ്ധതി പ്രകാരം പി.എച്ച്.സി-യ്ക്ക് മരുന്ന് വാങ്ങുന്നതിന് തുക ഒടുക്കിയെങ്കിലും അവ പൂർണ്ണമായും ലഭിച്ചില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | പ്രോജക്ട് അടങ്കൽ, ചെലവ് | ബിൽ നമ്പർ, തീയതി | മരുന്ന് ലഭ്യമായത് (തുക) | അവശേഷിക്കുന്നത് (തുക) |
|---|---|---|---|---|
| 31/21-22<br>പി.എച്ച്. സി യ്ക്ക് മരുന്നു | 600000<br>(മെയിന്റനൻസ് ഫണ്ട് | 269,<br>10.03.2021<br>600000 | 457603 | 142397 |

| | | | | |
|---|---|---|---|---|
| വാങ്ങൽ | റോഡിതരം)<br>600000<br>(മെയിന്റനൻസ് ഫണ്ട് റോഡിതരം) | | | |
| 16/21-22<br>പെയ്ൻ ആന്റ് പാലിയേറ്റീവ് കെയർ | 947870<br>(ജില്ലാ പഞ്ചായത്ത് - 300000)<br>(വികസന ഫണ്ട്- 590270)<br>852850<br>( ജില്ലാ പഞ്ചായത്ത് -290270)<br>(വികസന ഫണ്ട്- 562580) | 213, 16.03.2022<br>290270 | 67758 | 222512 |

ബാക്കി മരുന്ന് ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 പാലിന് സബ്സിഡി- ഗ്രാമ/ ബ്ലോക്ക് പഞ്ചായത്തുകൾക്ക് വെവ്വേറെ പദ്ധതി

പ്രോജക്റ്റ് നം. 95/21-22

അടങ്കൽ വികസനഫണ്ട് 100000 ജില്ലാപഞ്ചായത്ത് 250000 ആകെ 350000

ചെലവ് വികസനഫണ്ട് 100000 ജില്ലാപഞ്ചായത്ത് 140289 ആകെ 240289

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രോജക്റ്റിന് ബ്ലോക്ക് വിഹിതം വകയിരുത്തിയിട്ടില്ല. എന്നാൽ സാംഖ്യാ വെബ് പരിശോധിച്ചതിൽ, പഞ്ചായത്തിൽ നിന്ന് സബ്സിഡി ആനുകൂല്യം ലഭിച്ചത് കൂടാതെ ചില ക്ഷീര കർഷകർക്ക് പുളിക്കീഴ് ബ്ലോക്കിൽ നിന്നും നേരിട്ട് ക്ഷീരകർഷകർക്കുള്ള ഇൻസെന്റീവ് /സബ്സിഡി ആനുകൂല്യം ലഭിച്ചതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആധാർ നമ്പർ | പഞ്ചായത്തിൽ നിന്നും ബ്ലോക്കിൽ നിന്നും ആനുകൂല്യം ലഭിച്ച കർഷകരുടെ പേര് | ബ്ലോക്കിൽ നിന്ന് ലഭിച്ച സബ്സിഡി തുക |
|---|---|---|
| 212115257827 | ഡയ്സി തമ്പി | 2625 + 146 |
| 788062346302 | മിനി ബിനു | 1059 + 245 |
| 395098791897 | രാഖി നായർ | 795 +312 |
| 260336518886 | റോസമ്മ ബിജു | 774 + 923 |
| 202033829923 | സുനിജ ഡി | 408 + 34 |
| 386335105796 | അനിതാകുമാരി വി.എസ് | 1821 + 162 |
| 442490900712 | ശാന്തമ്മ വിജയൻ | 2058 + 289 |
| 928608690044 | ലക്ഷ്മി എസ് | 228 |
| 818151138775 | പ്രീതി എസ്. | 3144 + 235 |
| 929709007510 | മേഴ്സി അനിൽ | 2334 + 522 |
| 515703306272 | ശ്രീകുമാരി പ്രസന്നൻ | 171 |

ഏതാനും ഉദാഹരണങ്ങളാണ് മേൽപരാമർശിച്ചത്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് കൂടി വേറെ പദ്ധതി പ്രകാരം തുക ലഭിച്ചതിന്റെ അടിസ്ഥാനം വ്യക്തമാക്കിയില്ല. പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പാക്കുന്ന

മിൽക്ക് ഇൻസെന്റീവ് വനിതാ ഘടക പദ്ധതിയ്ക്കായി (7/22) ഗുണഭോക്താക്കളുടെ ലിസ്റ്റ് 12.10.2021 ലെ 1/17-ാം നമ്പരായി പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിന്ന് ലഭിച്ച അതേ കാലയളവിലെ ഇൻസെന്റീവ് തുകയാണോ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ചത് എന്നുറപ്പാക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല. ആയതിന്റെ വിശദാംശങ്ങൾ രേഖകൾ സഹിതം ഡയറി എക്സ്റ്റൻഷൻ ഓഫീസറിൽ നിന്നും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും വിശദീകരിക്കേണ്ടതുമാണ്.

## 1 - 27 അംഗൻവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം

അങ്കണവാടി പോഷകാഹാര പദ്ധതിക്കായി ലഭിച്ചിട്ടുള്ള കേന്ദ്രവിഹിതത്തിൽ 208035 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ഈ തുക തനത് ഫണ്ടിൽ തന്നെയാണ് സൂക്ഷിച്ചിരിക്കുന്നത്. ഈ സാമ്പത്തിക വർഷം വരെ മേൽപദ്ധതിക്കായി കേന്ദ്ര വിഹിതം ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| 2020-21 | 0 | 657858 | 657858 | 445265 | 212593 |
| 2021-22 | 212593 | 593457 | 806050 | 598015 | 208035 |

ഗ്രാമപഞ്ചായത്തിലെ വിവിധ അങ്കണവാടികളുടെ ഭൗതിക സാഹചര്യത്തെപ്പറ്റി ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 1/16.12.2022) ഐ.സി.ഡി.എസ്. സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടി പ്രകാരം 20 അങ്കണവാടികളുള്ളതിൽ 7 എണ്ണം മാത്രമാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. ഇവയിൽതന്നെ 14 എണ്ണത്തിനു മാത്രമാണ് ചുറ്റുമതിലുള്ളത്. 12 അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് നം. 39033/ഡിസി2/10/ത.സ്വ.ഭ.വ തീയതി 03.09.2010 പ്രകാരം പൂരക പോഷകാഹാര പരിപാടി നടപ്പാക്കുന്നതിന് ലഭ്യമാകുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ മുൻഗണന നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. കേന്ദ്രവിഹിതത്തിൽ ചെലവാകാതെ അവശേഷിക്കുന്ന 208035 രൂപ ഉപയോഗിച്ച് അങ്കണവാടി കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണി, മറ്റ് അടിസ്ഥാന സൗകര്യ വികസനം എന്നിവ നടത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1 - 28 ലൈഫ് ഭവനപദ്ധതി വായ്പ തിരിച്ചടവ് - അധികം തുക ഈടാക്കി

ലൈഫ് ഭവന പദ്ധതിക്കായി 2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 7,63,923 രൂപ കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും, സ.ഉ(കൈ.) 100/18/തസ്വഭവ തീ. 30.7.2018 പ്രകാരം വായ്പ എടുത്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം മുതൽ നാളിതുവരെ വായ്പ തിരിച്ചടവിനായി വികസന ഫണ്ടിന്റെ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ഈടാക്കിയ തുക | ലോൺ അടവാക്കുവാൻ അവശേഷിക്കുന്നത് |
|---|---|---|
| 2018-19 | Nil | 763923 |
| 2019-20 | 132353 | 631570 |
| 2020-21 | 307647 | 323923 |
| 2021-22 | 352000 | -28077 |
| ആകെ | 792000 | -28077 |

അധികമായി ഈടാക്കിയ 28077 രൂപ തിരികെ ലഭിക്കുന്നതിനും തുടർന്ന് തുക സ്രോതസിൽ കുറവ് ചെയ്യുന്നത് ഒഴിവാക്കുന്നതിനും ഗ്രാമപഞ്ചായത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 290270 | പെയ്ൻ ആന്റ് പാലിയേറ്റിവ് കെയർ | 290270 | 0 |
| ജില്ലാ പഞ്ചായത്ത് | 140289 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 140289 | 0 |
| ജില്ലാ പഞ്ചായത്ത് | 638550 | നെൽകൃഷി വികസനം | 638550 | 0 |
| ജില്ലാ പഞ്ചായത്ത് | 51000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 51000 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | അങ്കണവാടി പോഷകാഹാരം | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 30000 | നെൽകൃഷി വികസനം | 30000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 170000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 170000 | 0 |

### 4-2 ഡെപ്പോസിറ്റ് പ്രവൃത്തികൾ

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | നിർവ്വഹണ ഏജൻസി | ഡെപ്പോസിറ്റ് ചെയ്ത തുക | വിനിയോഗം | വിനിയോഗിക്കാൻ ബാക്കി |
|---|---|---|---|---|---|
| 1 | ജലജീവൻ മിഷൻ S29/22 | വാട്ടർ അതോറിറ്റി | 1336115 | 0 | 1336115 |
| 2 | വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ S108/22 | വാട്ടർ അതോറിറ്റി | 721000 | 0 | 721000 |
| 3 | എസ്.സി ശ്മശാനത്തിലേക്ക് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ S215/22 | കെ.എസ്.ഇ.ബി | 168752 | 168752 | 0 |
| 4 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ S216/22 | ടി | 241522 | 241522 | 0 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4 - 4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | സ.ഉ(കൈ.) 100/18 /തസ്വഭവ തീ. 30.7.2018 | 763923 | 323923 | 352000 | -ഇല്ല- | ഇല്ല |

[28077 രൂപ അധികമായി സോഴ്സ് ഡിഡക്ഷൻ നടത്തിയിട്ടുണ്ട് വിശദ വിവരം പരാമർശം 1-14 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.]

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഈടാക്കിയ ആളിന്റെ പേരും ഉദ്യോഗ പേരും | രസീത് നം. & തീയതി |
|---|---|---|---|---|
| 2000-01 | 24(1) | 180 | ഉമ്മൻ വർഗീസ്, പ്യൂൺ, പി.എച്ച്. സി | 1210101876 , 11.01.22 |
| 2000-01 | 36 | 625 | പി.രാജു, എൽ.ഡി ക്ലർക്ക് | 1210101877 11.01.22 |
| 2000-01 | 11 | 80 | സി.സി സാറാമ്മ, പ്യൂൺ | 1210101878 11.01.22 |
| 2010-11, 2012-13 | 3-10 | 2590 | പി. വത്സല, സെക്രട്ടറി | 1210101879 11.01.22 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡിക വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 2-4 | 2012-13 | 2 | ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയില്ല. | നിയമ സഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി | നിയമ സഭാ സമിതിയുടെ പരിഗണനയിലാണ് |
| 2015-16 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി | നിയമ സഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-8 ചാർജ് സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,47,62,203 |

| | |
|---|---|
| (മുന്നറിപ്പ് ഉൾപ്പെടെ) | |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,35,59,349 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

തടസ്സപ്പെടുത്തിയ തുക

ഇല്ല

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണംഓ |
|---|---|---|
| 1996-97 | എൽ.എഫ്.പിറ്റി.എ/പി3/395/98 തീയതി- 11.1.2000/13.3.2000 | 1 (ഖ – 26 ) |
| 1998-99 | എൽ.എഫ്.പിറ്റി.എ/പി3/455/01 തീ.9.11.2001/25.1.2002 | 10 ( 33, 44, 45, 55, 56, 57, 60, 61, 62, 69(f), (G), (H), (I), (J), (K), (M), (O), (P) |
| 1999-2000 | എൽ.എഫ്.പിറ്റി.എ/പി4/610/02 തീ.03.3.2003/19.4.2003 | 12 ( ഖ. 25, 51, 52, 53, 54, 55, 56, 57, 58, 59, 64, 66, 67) |
| 2000-01 | എൽ.എഫ്.പിറ്റി.എ/പി4/289/03 തീ.09.10.2003/16.12.2004 | 13 ( ഖ.43 മുതൽ 55 വരെ) |
| 2001-02 | എൽ.എഫ്.പിറ്റി.എ/പി4/582/04 തീ.14.10.2004/14.2.2005 | 9 (2-13 മുതൽ 2-30 വരെ) |
| 2002-03 (ചെലവ്) | എൽ.എഫ്.പിറ്റി.എ/പി8/535/06 തീ.04.10.2006/06.8.2007 | 1 ( ഖ. 2-4) |
| 2003-04 | എൽ.എഫ്.പിറ്റി.എ/പി5/568/08 തീ.30.5.2009 | 1 (ഖ. 3-2) |
| 2004-05 | എൽ.എഫ്.പിറ്റി.എ/പി5/566/08 തീ.30.5.2009 | 2 ( 3-1, 3-3) |
| 2005-06 | എൽ.എഫ്.പിറ്റി.എ/പി6/259/09 തീ.16.12.2009 | 3 ( 3-2,3-7,3-9) |
| 2006-07 | എൽ.എഫ്.പിറ്റി.എ/പി11/171/11 | 11 ( 3-9, 3-11 To 3-15 , |

| | | |
|---|---|---|
| | തീ.30.11.2011 | 3-19, 3-21, 3-22, 3-26, 3-27) |
| 2007-08മുതൽ 2009-10 വരെ | എൽ.എഫ്.പിറ്റി.എ/പി11/821/12 തീ.19.10.2012/22.3.2013 | 2 (3-3, 3-7) |
| 2010-11മുതൽ 2012-13 വരെ | എൽ.എഫ്.പിറ്റി.എ/പി11/1055/13 തീ.16.10.2014 | 6 (3-6, 3-11, 3-12, 3-13, 3-22, 3-23) |
| 2013-14മുതൽ 14-15 വരെ | എൽ.എഫ്.പി.റ്റി.എ.പി4/295/16 തീ.28.3.16/1.4.16 | 4 (2-2, 3-6, 3-9, 4-2) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി4/1115/16/ തീ.5.10.2016 | 13 ( 2-2, 3-1, 3-6, 3-10, 3-14, 3-16, 3-17, 3-18, 3-19,<br>3-21, 3-24, 3-25, 4-2) |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി4/1031/17 തീ.15.09.17 | 12 (2-2, 2-5, 3-1, 3-3, 3-4, 3-5, 3-6, 3-7, 3-9, 3-10, 3-11, 4-2) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി4.1521/2018 തീയതി 12.12.2018 | 13 (2-1, 2-5, 3-1, 3-2, 3-3, 3-4, 3-6, 3-7,<br>3-12, 3-14, 3-15, 3-16, 4-2) |
| 2018-19 | നം.കെ.എസ്.എ.പിറ്റിഎ.പി4-710/19 തീയതി 17.08.2019 | 18 (2-1, 2-3, 2-4, 2-6, 2-7, 2-8, 2-9, 3-1,<br>3-4, 3-8, 3-10, 3-12, 3-13, 3-14, 3-15,<br>3-16, 3-18, 4-1) |
| 2019-20 | കെ.എസ്.എ.പിറ്റിഎ.പി4 – 609/2021 തീയതി 01.10.2021 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.പിറ്റിഎ.പി4 – 610 തീയതി 02.10.21 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്